ശ്രീ. ആർ. എസ്. ഉണ്ണി: ഒരു ക്ലാസിന്റെ കൺസിഡറേഷൻ postpone ചെയ്തുകൊണ്ട് ക്ലാസ് 5 എടുത്തുകൂടെ എന്നാണ്.....

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഞാൻ സംസാരിച്ചുകൊണ്ടു നിൽക്കുകയാണ്. ഇവിടെ നമ്മാം സാധാരണ ഗതിയിൽ അങ്ങനെയൊക്കെ ചെയ്യും. ക്ലാസ് 4-ന് വളരെ പ്രധാനപ്പെട്ട ഒരു ഭേദഗതിയാണ് ഗവൺമെന്റ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്നു പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി ആ ഭേദഗതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു എന്നും പറഞ്ഞു.

മി. ഡെപ്യൂട്ടി സ്പീക്കർ: ആ ക്ലാസിന്റെ പരിഗണന തിങ്കളാഴ്ചത്തേക്ക് മാറ്റിവയ്ക്കണമെന്നു പറഞ്ഞു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സ്വാഭാവികമായി മൂന്നു മിനിട്ടു നേരത്തേക്കു പിടിവാശി പിടിക്കേണ്ട കാര്യമില്ല. ഏതെങ്കിലും ഒരു മെമ്പർ ഭേദഗതി മൂവു ചെയ്യാൻ വരാത്തതു തന്നെ എന്താണ് ഗവൺമെന്റിന്റെ ഭേദഗതി എന്ന് അറിഞ്ഞിട്ട് കൊണ്ടുവരാമെന്നു കരുതിയാണ്. വാശിക്ക് പറഞ്ഞതല്ല. ക്ലാസ് 5-ന്റെയും അമൻറുമെന്റ് അന്ന് അവതരിപ്പിച്ചാൽ മതി.

ശ്രീ. എം.കെ. കൃഷ്ണൻ: ക്ലാസ് 4-ന്റെ ഡിസ്കഷൻ മാറ്റിവയ്ക്കുകയാണെങ്കിൽ മാറ്റിവയ്ക്കാം. ക്ലാസ് 5 ചർച്ച ചെയ്യാമെന്നു പറഞ്ഞാൽ ക്ലോസ് 4-ൽ ഉള്ള അമൻറുമെന്റ്സ് എന്താണെന്നു മനസ്സിലാക്കി അംഗീകരിക്കുകയാണെങ്കിൽ അതിന്റെ സബ്സിക്വൻറ്സ് അമൻറുമെന്റ്സ് ആണ് ക്ലാസ് 5-ൽ വരുക. കാരണം തിരഞ്ഞെടുപ്പ് ഏതു രീതിയിൽ നടത്തണം എന്നുള്ളതാണ് ക്ലാസ് 4. ഇവിടെ മൂവു ചെയ്യാൻ പോകുന്ന അമൻറുമെന്റ് ഗവൺമെന്റ് അംഗീകരിക്കുകയാണെങ്കിൽ പ്രൊപ്പോഷണൽ റപ്രസന്റേഷൻ എന്നുള്ള തത്ത്വം അംഗീകരിച്ചാൽ ക്ലാസ് 5 ആകെ മാറ്റണം. ക്ലാസ് 5 ഡിസ്ക്കസ് ചെയ്യുന്നതിൽ യാതൊരു പ്രസക്തിയും ഇല്ല.

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: ക്ലാസ് 4-ന്റെ ചർച്ച മാറ്റിവയ്ക്കണമെന്നല്ല, ചർച്ചകൾക്കുശേഷം ഗവൺമെൻറിന്റെ അമൻറുമെൻറു കൊണ്ടുവരാമെന്നാണ് പറഞ്ഞത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഏതായാലും ഇനി ഒരു മിനിട്ടേ ഉള്ളു. ആ ഒരു മിനിട്ടുകൂടി കഴിഞ്ഞിട്ട് കാര്യങ്ങൾ ചർച്ചയ്ക്ക് എടുക്കാവുന്നതാണ്.

VII. അനൗദ്യോഗികാംഗങ്ങളുടെകാര്യം

അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 15-ാമതു റിപ്പോർട്ട്

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പതിനഞ്ചാമതു റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: I Object it. Sir, കഴിഞ്ഞ തവണ ഈ കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിച്ച സമയത്ത് അന്ന് ഇങ്ങനെ ഒബ്ജക്ഷൻ റെയിസ് ചെയ്യുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ.എസ്. ഉണ്ണി: മൂവ് ചെയ്യുമ്പോഴാണ് ഒബ്ജക്ട് ചെയ്യേണ്ടത്. അതിനുമുമ്പ് ഇവിടെ പറഞ്ഞതുകൊണ്ടുമാത്രം ഒബ്ജക്ട് ചെയ്യാനായി.....

ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി: അങ്ങ് അനുവദിക്കുകയാണെങ്കിൽ അങ്ങനെ ചെയ്യാം സർ.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ഈ കമ്മിറ്റിയുടെ പരിധിയിൽ ടൈം അലോക്കേഷനെ സംബന്ധിച്ചുമാത്രമേ വരുന്നുള്ളു. It is not the question as to whether a particular bill can be introduced or not. Whether it is legal or illegal. These are all different questions. It is only a question of time allocation. That is my submission.

ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി: കഴിഞ്ഞ പ്രാവശ്യം ശ്രീ. ഇ. ചന്ദ്രശേഖരൻനായർതന്നെ പറഞ്ഞതാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: സർ, ഞാൻ അങ്ങനെ അല്ല പറഞ്ഞത്. ഇൻട്രൊഡ്യൂസ് ചെയ്യുമ്പോൾ At any time any member can raise a point of order. എന്നാണ് ഞാൻ പറഞ്ഞത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയിൽ ടൈം അലോക്കേഷനെ സംബന്ധിച്ചു മാത്രമേ പരിഗണിച്ചിട്ടുള്ളു. അതിന്റെ മാത്രം മെറിറ്റിന്റെ അടിസ്ഥാനത്തിൽ ഈ റിപ്പോർട്ട് പരിഗണനയ്ക്കു എടുക്കണമെന്നു തീരുമാനിക്കുന്നു. റിപ്പോർട്ടു പരിഗണനയ്ക്ക് എടുത്തിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ 1979-ലെ കേരള കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി ബില്ല് അവതരിപ്പിക്കുന്ന പ്രമേയം ശ്രീമാൻ ഉണ്ണിക്ക് അവതരിപ്പിക്കാം.

Shri R. S. Unni: Sir, I move for leave to introduce the Kerala Cashew Workers' Welfare Fund Bill, 1979.

ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി: ഈ ബില്ല് അവതരിപ്പിക്കാൻ അനുവാദം നൽകണമെന്ന ഈ പ്രമേയത്തെ എതിർക്കുകയാണ്. ഞാൻ ഇതിനെ ഒബ്ജക്റ്റ് ചെയ്യുന്നതിന് രണ്ടുകാരണങ്ങളാണുള്ളത്. ഈ സഭയിൽ ഗവർണ്ണർ ചെയ്ത പ്രസംഗത്തിൽ 21-ാമത്തെ പേജിൽ വളരെ വ്യക്തമായിപറഞ്ഞിട്ടുള്ള ഒരു കാര്യമുണ്ട്. ''ഓരോ വർഷം കഴിയും തോറും തൊഴിലില്ലായ്മ അഭിമുഖീകരിക്കുന്ന കശുവണ്ടിത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനുള്ള ഒരു ഫണ്ട് രൂപീകരിക്കുന്നതിന് ഒരു ബില്ല് കൊണ്ടുവരണമെന്ന് ഗവൺമെന്റ് ഉദ്ദേശിക്കുന്നു.'' അങ്ങനെ കശുവണ്ടിത്തൊഴിലാളികൾക്ക് നൻമ ചെയ്യാൻ ഉദ്ദേശിക്കുന്ന ഒരു ബില്ല് കൊണ്ടുവരുമെന്ന് ഈ നിയമസഭയിൽ പ്രഖ്യാപിച്ചതിനുശേഷം റൂൾ 265 അനുസരിച്ച് അക്കാര്യങ്ങളെ സംബന്ധിച്ച് ഒരു ബഹുമാനപ്പെട്ട മെമ്പർ ഒരു ബിൽ ഇപ്രകാരം ഇവിടെ ഇൻട്രൊഡ്യൂസ് ചെയ്യാൻപാടില്ല. റൂൾ 265-ൽ പറയുന്നത് ''No member shall anticipate the discussion of any subject of which notice has been given, provided that in determining whether a discussion is out of order on the ground of anticipation, regard shall be had by the Speaker to the probability of the matter anticipated being brought before the Assembly within a reasonable time എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് ഈ നിയമസഭയിൽ കശുവണ്ടിത്തൊഴിലാളികളുടെ നൻമയ്ക്കുവേണ്ടി ഒരു നിയമം കൊണ്ടുവരുമെന്ന് പറഞ്ഞതിനു ശേഷം വെറും ചീപ്പ് പോപ്പുലാരിറ്റിയെന്ന നിലയിൽ റൂൾ 265 അനുസരിച്ച് ശ്രീ. ആർ.എസ്. ഉണ്ണി അങ്ങനെ ഒരു ബില്ല് കൊണ്ടുവരുന്നതിന് നിയമതടസ്സമുണ്ടെന്നുള്ളതാണ് എൻറെ ആദ്യത്തെ ആക്ഷേപം. രണ്ടാമത്തെ ആക്ഷേപം വെള്ളിയാഴ്ച 10 മിനിറ്റു മാത്രമാണ് അനൗദ്യോഗിക ബില്ലിനുവേണ്ടി നീക്കിവച്ചിട്ടുള്ളത്. ഇത് ഇവിടെ അവതരിപ്പിച്ചാൽ ഈ രാജ്യത്തെ കശുവണ്ടിത്തൊഴിലാളികൾക്ക് ഒരു ശാപമായിരിക്കും. കാരണം ഈ ബില്ലിന് 10 മിനിറ്റ് വീതം ഓരോ വെള്ളിയാഴ്ച കിട്ടിയാലും 3 കൊല്ലംകൊണ്ടുപോലും ഇത് പാസ്സാക്കിയെടുക്കാൻ കഴിയുകയില്ല. അതുകൊണ്ട് കശുവണ്ടിത്തൊഴിലാളികളെ ഉദ്ധരിക്കുന്നതിനും അവർക്ക് നൻമചെയ്യുന്നതിനും ഈ ബില്ല് ഒരു വിലങ്ങുതടിയായി അവശേഷിക്കും; അത് നീണ്ടുപോകും, അനവധിവർഷം നീണ്ടുപോകും. അതുകൊണ്ട് ഗവർണ്ണർ നൽകിയ ഉറപ്പിൻറെ അടിസ്ഥാനത്തിൽ തൊഴിൽകാര്യമന്ത്രി ഇത്സംബന്ധമായ ഒരു ബില്ല് സഭയിൽ അവതരിപ്പിച്ചു പാസ്സാക്കിയെടുക്കുന്നതാണ് തൊഴിലാളികളുടെ നൻമയ്ക്കു നല്ലത്. നേരേമറിച്ച് ഇങ്ങനെ ഒരു ബില്ല് കൊണ്ടുവരുന്നത് ചീപ്പ് പോപ്പുലാരിറ്റിക്കാണ്. ഇതുകൊണ്ട് തൊഴിലാളികൾക്ക് ഒരു ഗുണവും കിട്ടുകയില്ല. 3 കൊല്ലം കഴിഞ്ഞാലും ശ്രീ. ആർ. എസ്. ഉണ്ണിയുടെ ഈ ബില്ല് പാസ്സാകാൻ പോകുന്നില്ല. അതുകൊണ്ട് ഗവൺമെൻറ് ഈ സമ്മേളനത്തിൽ അത്തരത്തിൽ ഒരു ബില്ല് കൊണ്ടുവന്ന് പാസ്സാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. റൂൾ 265 ആണെന്നുണ്ടെങ്കിൽ— No member shall anticipate the discussion of any subject of which notice has been given.....എന്നാണ് പറയുന്നത്. ഏതെങ്കിലും റിലവൻറ് റൂൾ അനുസരിച്ച് ഈ ബില്ലിന് അവതരണാനുമതി നിഷേധിക്കുന്നുണ്ടെങ്കിൽ അതുപറയാം. എന്നാൽ ഒരു പ്രസംഗരൂപത്തിൽ ബില്ല് അവതരിപ്പിച്ചു അതുകൊണ്ട് ഈ രാജ്യത്തിന് ഗുണമുണ്ടാകുമോയെന്ന കാര്യം സംസാരിച്ചത് കണ്ടൻറ്സിനെ സംബന്ധിച്ചാണ്. റൂൾ 265 ആണെങ്കിൽ നോട്ടീസ് കൊടുത്തിരിക്കുന്ന ഏതുകാര്യത്തെ സംബന്ധിച്ചും ആൻറിസിപ്പേറ്റ് ചെയ്താണ്. ഇവിടെ ഗവർണ്ണരുടെ പ്രസംഗമാണെങ്കിൽ നോട്ടീസല്ല. നിയമപരമായി റൂൾ 265 ആണെങ്കിൽ നോട്ടീസ് കൊടുത്തിരിക്കണം. "No member shall anticipate the discussion of any subject of which notice has been given..... ഗവർണ്ണരുടെ പ്രസംഗത്തിൽ എന്നുപറയുന്നത്, റൂൾസ് ഓഫ് പ്രൊസീഡിയറിൽ പറയുന്ന നോട്ടീസ് കൊടുത്ത ഒരു മോഷനല്ല. അതുകൊണ്ട് റൂൾ 265 ഇവിടെ ബാധകമല്ല.

രണ്ടാമത്തെ കാര്യം ഇതിൻറെ കണ്ടൻറ്സിനെ സംബന്ധിച്ച് ഒരു ചർച്ച നടത്തി ഇത് അവതരിപ്പിച്ചുകൂടെന്നു പറയുന്നതു ശരിയല്ല. ഇതിൻറെ ഗുണഗണങ്ങളെ സംബന്ധിച്ച് ഈ ബിൽ ഇൻട്രൊഡ്യൂസ് ചെയ്തതിനുശേഷം പറയാം. ഇപ്പോഴത്തെ ഇത് അവതരിപ്പിക്കുന്നതിന് റൂൾസ് ഓഫ് പ്രൊസീഡിയറിലെ റൂൾ 265 അനുസരിച്ച് യാതൊരു തടസ്സവുമില്ല. വേറെയേതെങ്കിലും റൂൾ ഉണ്ടെങ്കിൽ പറയാം.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: എനിക്ക് പറയാനുള്ളതുകൂടി കേൾക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെ. സ്പീക്കർ: ഈ പോയിൻറ് ഓഫ് ഓർഡർ സംബന്ധിച്ച് പരിശോധിച്ചു പിന്നീട് മറുപടി പറയുന്നതാണ്. ഇപ്പോഴും ഈ ബില്ലിനനുവദിച്ചിരിക്കുന്ന 6 മിനിറ്റുസമയം കഴിഞ്ഞിരിക്കുന്നു.

ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി: സർ, ഒരു പോയിൻറ് ഓഫ് ആർഡർ. (സഭയിൽ ബഹളം)

മി. ഡെ. സ്പീക്കർ: ആർഡർ, ആർഡർ ബഹു: മെമ്പർമാർ ഇരിക്കണം. ബില്ലിന് അനുവദിച്ചിരിക്കുന്ന സമയം കഴിഞ്ഞിരിക്കുന്നു.

ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി: ഞാൻ സംസാരിച്ചുകൊണ്ടിരുന്നതിനിടയിലാണ് ശ്രീ. ചന്ദ്രശേഖരൻനായർ പോയിൻറ് ഓഫ്ആർഡർ ഉന്നയിച്ചത്. ചെയറിൽനിന്നും അതിന് പിന്നീടു റൂളിംഗ് നൽകാമെന്നു പറഞ്ഞു. ഞാൻ ഇതിനെ ഒബ്ജക്ഷൻ ചെയ്യുന്നുവെന്ന് പറയാൻ കാരണം, പൂർത്തിയാക്കാൻ എനിക്ക് സമയം തരണം.

(സഭയിൽ ബഹളം)

മി. ഡെ. സ്പീക്കർ: ഇന്ന് ഈ ബില്ലിനെ സംബന്ധിച്ച ചർച്ചയുടെ സമയം കഴിഞ്ഞിരിക്കുകയാണ്. മാത്രമല്ല പോയിൻറ് ഓഫ് ആർഡറിനെ സംബന്ധിച്ചു പിന്നീട് റൂളിംഗ് നൽകുന്നതാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: നിയമസഭാ നടപടി ചട്ടമനുസരിച്ച് പ്രൈവറ്റ് മെമ്പേഴ്സ് ബിൽ ഒബ്ജക്റ്റ് ചെയ്തുകഴിഞ്ഞാൽ ഒരു പ്രൊസീഡ്യൂവർ അതിനുണ്ട്. അത് ഫാളോ ചെയ്യണം. ഒബ്ജക്ഷൻ സംബന്ധിച്ച ചർച്ച അടുത്തദിവസം നടക്കുമെന്ന് പ്രതീക്ഷിക്കാമോ? ഒബ്ജക്ഷൻ സംബന്ധിച്ചുള്ള സ്ഥിതിയെന്താണ്.

(സഭയിൽ വീണ്ടും ബഹളം)

മി. ഡെ. സ്പീക്കർ: ഓർഡർ, ഓർഡർ, ഇത് സംബന്ധിച്ചുള്ള ചർച്ച അവസാനിച്ചിരിക്കുകയാണ്. ഈ ബില്ല് സംബന്ധിച്ചുള്ള എല്ലാ പോയിൻറ് ഓഫ് ഓർഡറുകളും അവസാനിച്ചിരിക്കുകയാണ് ഇനിയാതൊന്നും അനുവദിക്കുന്നതല്ല. ശ്രീ. റ്റി.എം. ജേക്കബ്ബിന് പ്രമേയം അവതരിപ്പിച്ച് സംസാരിക്കാം.

അനൗദ്യോഗിക പ്രമേയങ്ങൾ

10.10 A.M.

പ്രമേയം നമ്പർ (1)

മതപരിവർത്തനം ചെയ്ത പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും ആനുകൂല്യങ്ങൾ

ശ്രീ. റ്റി. എം. ജേക്കബ്: സർ, ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കുന്നു.

''പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന എല്ലാവിധ ആനുകൂല്യങ്ങളും മതപരിവർത്തനം ചെയ്ത പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുകൂടി ലഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും ഈ സഭ കേന്ദ്രസംസ്ഥാന ഗവൺമെന്റുകളോട് അഭ്യർത്ഥിക്കുന്നു.''

LIBRARY ARCHIVES Kerala Legislative Assembly